# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2463 | 19/06/2013 - ൽ മറുപടിക്ക്

### പുളിങ്കുന്ന്, കാവാലം പ്രദേശങ്ങളിലേക്ക് ജങ്കാറുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തിന്റെ കീഴിൽ കുട്ടനാട്ടിലെ പുളിങ്കുന്ന്, കാവാലം പ്രദേശങ്ങളിലേക്ക് ജങ്കാറുകളുടെ നിർമ്മാണം എത്രത്തോളം പൂർത്തീകരിച്ചുവെന്നതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ; | (എ) 11-03-1998 ലെ സർക്കാരിന്റെ 100 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിപ്രകാരം കുട്ടനാട്ടിലെ പുളിങ്കുന്നിലും കാവാലത്തിലും കടത്ത് നടത്തുവാൻ രണ്ട് ജങ്കാറുകൾ നിർമ്മിക്കുന്നതിന് ജലസേചന വകുപ്പ് മെക്കാനിക്കൽ വിഭാഗത്തിലെ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറെ (പി.ഡബ്ള്യൂ.ഡി നിരത്തുകളും പാലങ്ങളും) ചുമതല ഏൽപ്പിച്ചു. ഇതിൻപ്രകാരം M/s ജെമിനി & ജെമിനി എന്ന സ്ഥാപനവുമായി 87 ലക്ഷം രൂപ + നികുതി എന്ന തുകയ്ക്ക് ടെണ്ടർ ഉറപ്പിക്കുകയും ചെയ്തു. പ്രസ്തുത കരാറുകാരൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിരവധി തവണ കാലാവധി നീട്ടി കൊടുത്തുവെങ്കിലും 31-03-2004ന് ശേഷം കരാറുകാരൻ പണി പൂർത്തിയാക്കാതെ നിർത്തിവെയ്ക്കുകയുണ്ടായി. തുടർന്ന് സാധനങ്ങളുടെ വിലവർദ്ധനവ് കാണിച്ചുകൊണ്ട് തുക വർദ്ധിപ്പിച്ചുകിട്ടുവാൻ കരാറുകാരൻ സർക്കാരിനെ സമീപിച്ചു. എന്നാൽ സർക്കാർ കരാറുകാരന്റെ ആവശ്യം നിരസിച്ചു. അതിനുശേഷം കരാറുകാരൻ ബഹു: കേരള ഹൈക്കോടതിയെ സമീപിക്കുകയും ബഹു: ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം കരാറുകാരന്റെ വാദഗതികൾ കേട്ടശേഷം നിയമപരമായി തുക വർദ്ധിപ്പിച്ചു നൽകുവാൻ നിർവ്വാഹമില്ലാത്തതിനാൽ കരാറുകാരന്റെ ആവശ്യം സർക്കാർ നിരസിക്കുകയുണ്ടായി. നിരവധി എഴുത്തുകുത്തുകൾ നടത്തിയിട്ടും കരാറുകാരൻ ബാക്കിയുള്ള പണികൾ ചെയ്യാൻ തയ്യാറാകാത്തതിനാൽ 17-10-2006 ൽ പ്രസ്തുത കരാർ, കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ റദ്ദ്ചെയ്യുകയുണ്ടായി. തുടർന്ന് കരാറുകാരൻ ബഹു: ഹൈക്കോടതിയെ സമീപിക്കുകയും റീ-ടെണ്ടർ നടപടികൾ കോടതി വിധിയ്ക്ക് വിധേയമായിരിക്കണം എന്ന് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ റദ്ദാക്കൽ നടപടി ഫലത്തിൽ ഇല്ലാതെ വരികയും തുടർനടപടികൾ കുറച്ച്കാലത്തേക്ക് നടത്താൻ കഴിയാതെ വരികയും ചെയ്തു.<br>ബഹു: ഹൈക്കോടതിയുടെ അന്തിമ വിധി പ്രകാരം കരാറുകാരനെ വിളിച്ച് ചർച്ച നടത്തിയ ശേഷം കരാറുകാരന്റെ നിരക്ക്വർദ്ധന എന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ല എന്ന് ഉത്തരവ് നൽകുകയും ഭാഗികമായി പണി പൂർത്തിയാക്കിയ |

ജങ്കാറുകൾ, കരാറുകാരന് നൽകിയ തുകയുടെ ഒരു ഭാഗം കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിനു വേണ്ടി ഏറ്റെടുക്കുകയും പ്രസ്തുത ജങ്കാറുകൾ 36,30,000/- രൂപയ്ക്ക് ലേലത്തിൽ വിൽക്കുകയും പ്രസ്തുത തുക സർക്കാരിലേക്ക് മുതൽ കൂട്ടുകയും ചെയ്തിട്ടുണ്ട്.

ഈ ജങ്കാറുകൾക്ക് പകരമായി പുതിയ ജങ്കാറുകൾ കരാറുകാരന്റെ റിസ്കിലും കോസ്റ്റിലും നിർമ്മിക്കുന്നതിനും കരാർ റദ്ദുചെയ്യുവാനും സർക്കാർ തീരുമാനിച്ചു. കരാർ അവസാനമായി 09-03-2010ൽ കരാറുകാരന്റെ റിസ്കിലും കോസ്റ്റിലും റദ്ദുചെയ്യുകയുണ്ടായി. ഈ ജങ്കാറുകൾക്ക് പകരമായി പുതിയ ജങ്കാറുകൾ കരാറുകാരന്റെ റിസ്കിലും കോസ്റ്റിലും വാങ്ങുന്നതിനു വേണ്ടി 29-04-2010ൽ പുനർദർഘാസ് ക്ഷണിക്കുകയും ചെയ്തു.

27-01-2011ലെ സർക്കാർ ഉത്തരവ് 156/11/പി.ഡബ്ല്യൂ.ഡി. പ്രകാരം പ്രസ്തുത പ്രവൃത്തിയ്ക്ക് 235 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും തുടർന്ന് 12-05-2011 ൽ പ്രവൃത്തി M/s സിൽക്ക്, അത്താണി, തൃശ്ശൂർ എന്ന സ്ഥാപനവുമായി മെക്കാനിക്കൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ (പൊതുമരാമത്ത് വകുപ്പ്) കോൺട്രാക്ട് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. എന്നാൽ പിന്നീട് കരാർ വ്യവസ്ഥകൾക്കു വിരുദ്ധമായി അഡ്വാൻസ് പേയ്മെന്റ് നൽകണമെന്ന് പ്രസ്തുത കോൺട്രാക്ടർ ആവശ്യപ്പെട്ടു. പ്രസ്തുത ആവശ്യം പരിഗണിക്കാതെ കോൺട്രാക്ടറുടെ റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കിക്കൊണ്ട് പ്രവൃത്തി റീ-ടെണ്ടർ ചെയ്യാനുളള നടപടികൾ സർക്കാരിൽ പൊതുമരാമത്ത് വകുപ്പിൽ സ്വീകരിച്ചു വരികയാണ്.

(ബി) പ്രസ്തുത ജങ്കാറുകളുടെ നിർമ്മാണത്തിന് ഇതുവരെ എത്ര തുക ചെലവഴിച്ചു വെന്ന് വിശദമാക്കുമോ ?

(ബി) ആദ്യ കരാറുകാരന് പ്രസ്തുത ജങ്കാറിന്റെ നിർമ്മാണത്തിന് വേണ്ടി മൊത്തം 57,84,576/- രൂപ റിട്ടൻഷൻ തുകയായ 3,65,400/- രൂപ കഴിച്ച് നൽകിയിട്ടുണ്ട്. അഷ്ടമുടി കായലിന്റെ തീരത്ത് ഭാഗികമായി നിർമ്മാണം മുൻകരാറുകാരൻ പൂർത്തിയാക്കിയ അവസ്ഥയിലിരിക്കുന്ന രണ്ട് ജങ്കാറുകൾ സർക്കാർ ഏറ്റെടുക്കുകയും പ്രസ്തുത ജങ്കാറുകൾ 36,30,000/- രൂപയ്ക്ക് ലേലത്തിൽ വിൽക്കുകയും പ്രസ്തുത തുക സർക്കാരിലേക്ക് മുതൽ കൂട്ടുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പുതിയ കരാറുകാരനായ M/s സിൽക്കിന് ഒരു തുകയും നൽകിയിട്ടില്ല.

Sham

സെക്ഷൻ ഓഫീസർ